"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ റൂറൽ ഡെവലപ്മെന്റ് ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്)-യിൽ നിന്നും വിരമിച്ച മൂന്ന് ജീവനക്കാർക്ക് അർഹമായ വിരമിക്കൽ ആനുകൂല്യങ്ങൾ കേരംസിന്റെ ലഭ്യമായ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.1882/2020/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 12/10/2020

---

പരാമർശം:- 1 കേരംസ് മെമ്പർ സെക്രട്ടറിയുടെ 19.09.2019-ലെ 47/KER/2019 നമ്പർ കത്ത്.

2 02.02.2020-ലെ സ.ഉ.(സാധാ) നം.277/2020/തസ്വഭവ ഉത്തരവ്

3 കേരംസ് മെമ്പർ സെക്രട്ടറിയുടെ 28.07.2020-ലെ 47/KER/2019 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ കേരംസ് മെമ്പർ സെക്രട്ടറിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കേരംസിൽ നിന്നും 2012-2016 കാലഘട്ടങ്ങളിൽ വിരമിച്ച ശ്രീമതി.എസ്.ചന്ദ്രകുമാരി (സെയിൽസ് അസിസ്റ്റന്റ്), ശ്രീ.എം.ശൈലാകുമാരൻ നായർ (ഡ്രൈവർ), ശ്രീമതി.എസ്.ശോഭനകുമാരി (സെയിൽസ് അസിസ്റ്റന്റ്) എന്നിവർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ (ഗ്രാറ്റുവിറ്റി & ടെർമിനൽ ലീവ് സറണ്ടർ) നല്കുന്നതിനായി കേരംസിന്റെ ലഭ്യമായ ഫണ്ടിൽ നിന്നും ₹ 1,82,127/- (ഒരു ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഒരു നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

(2) പരാമർശം (3) ലെ കത്ത് പ്രകാരം, വിരമിക്കൽ ആനുകൂല്യങ്ങൾ നല്കുന്നതിനായി താഴെ പറയും പ്രകാരം ₹ 1,75,918/- (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ മാത്രം) മാത്രമാണ് ആവശ്യമായി വരുന്നതെന്നും അതിനാൽ ഇക്കാര്യത്തിൽ ഭേദഗതി വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും കേരംസ് മെമ്പർ സെക്രട്ടറി അപേക്ഷിച്ചിരുന്നു.

| വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ | ഗ്രാറ്റുവിറ്റി | ടെർമിനൽ ലീവ് സറണ്ടർ ശമ്പളം | ആകെ (₹) |
|---|---|---|---|
| ശ്രീമതി . ചന്ദ്രകുമാരി ( സെയിൽസ് അസിസ്റ്റന്റ് ) | 10,710/- | 26,040/- | 36,750/- |
| ശ്രീ.എം. ശൈലകുമാരൻ നായർ ( ഡ്രൈവർ ) | 19,850/- | 42,573/- | 62,423/- |
| ശ്രീമതി. എസ്. ശോഭനകുമാരി ( സെയിൽസ് അസിസ്റ്റന്റ് ) | 34,361/- | 42,384/- | 76,745/- |
| | | ആകെ | 1,75,918 |

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരംസിൽ നിന്നും വിരമിച്ച മേൽപരാമർശ മൂന്ന് ജീവനക്കാരുടെ അർഹമായ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിന് ആവശ്യമായ ₹1,75,918 (ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ മാത്രം) കേരംസിന്റെ ലഭ്യമായ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(4) പരാമർശം (2) പ്രകാരമുള്ള ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി .കെ. പ്രതാപൻ**

**ജോയിന്റ് സെക്രട്ടറി**

മെമ്പർ സെക്രട്ടറി, കേരംസ്, തിരുവനന്തപുരം.
ബന്ധപ്പെട്ട വിരമിച്ച ജീവനക്കാർക്ക് (കേരംസ് മെമ്പർ സെക്രട്ടറി മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ./ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.